
# INGENIOUS

## Digital Magazine 2019 2020



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# EDITORIAL BOARD



| Teachers | Students |
|---|---|
| Gopalan P P | Vishnupriya R Nath |
| Rekha k R | Akash Sunil |
| Mallika M G | Arjun P |
| Sujatha S | Shamlas K P |
| | Aparna Manoj |
| | Sreelakshmi K P |
| | Jaseera |



# ആശംസ

ഡിജിറ്റൽ യുഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു

രാജി പി. ടി

**principal, H.S.S**

s



## ആശംസ

കുറുമാത്തൂർ ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന സുവർണ്ണ വേളയിൽ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് എല്ലാ വിധ ആശംസകളും നേരുന്നു.

ജയശ്രീ കെ പി

(Headmistress,

GVHSS KURUMATHUR)



## ആശംസ

കുറുമാത്തൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന തായി അറിയാൻ സാധിച്ചു.സംരഭവത്തിന്എല്ലാവിധ ആശംസകളും അറിയിക്കുന്നു.

ഫിലൈറ്റ് സ്റ്റീഫൻ

(VHSE principal,
Gvhss Kurumathur)



## ആശംസ

കുറുമാത്തൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞു. ഈ സംരംഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

നാരായണൻ എം വി
സീനിയർ അസിസ്റ്റന്റ്
ജി വി എച്ച് എസ് എസ് കുറുമാത്തൂർ



## ആശംസ

ആധുനിക സാങ്കേതിക വിദ്യയുടെ ലോകത്ത് മികവിന്റെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഈ സരസ്വതി ക്ഷേത്രത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ വിദ്യാർത്ഥികളുടെ പ്രവർത്തനത്തിൽ വളരയധികം അഭിമാനിക്കുന്നു. അവർക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

എസ് ഐ ടി സി & കൈറ്റ് മിസ്ട്രസ്

(ജി വി എച്ച് എസ് എസ്, കുറുമാത്തൂർ)

Gvhss kurumathur

SS



*ആശംസ*

*കുറുമാത്തൂർ ഗവ : ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞു. ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു .*

*ലേഖ . എൻ . വി*
*ജോ: എസ് ഐ ടി സി*
*( ജി വി എച്ച് എസ് എസ് കുറുമാത്തൂർ)*




# ആശംസ

**1981-ൽ പ്രവർത്തനമാരംഭിച്ച കുറമാത്തൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ 37 വർഷത്തെ പ്രവർത്തന പാരമ്പര്യം വിളിച്ചോതിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ പരിണിത ഫലമായി നമ്മുടെ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളായി ഉയർത്തുന്നതിനു വേണ്ടിയുള്ള അക്കാദമിക ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്ന ഈവേളയിൽ, ഹൈടെക് സ്കൂൾ പ്രൊജക്ടിന്റെ ഭാഗമായി നടപ്പാക്കി വരുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ , നമ്മുടെ വിദ്യാലയത്തിന്റെ ഭാഗമായി മാറുമെന്നതിൽ സംശയമില്ല. ഈ വേളയിൽ നമ്മുടെ കുട്ടികൾക്ക് വേണ്ടി മാർഗ നിർദ്ദേശങ്ങൾ നൽകിയ അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും മറ്റുള്ളവർക്കും നന്ദി അറിയിക്കട്ടെ. തുടർന്നും നമ്മുടെ വിദ്യാലയത്തിനും കുട്ടികൾക്കും വേണ്ട പ്രോൽസാഹനവും സഹായവും ഉണ്ടാവുമെന്ന് പ്രത്യാശിച്ച് കൊണ്ട് ഈ സംരഭവത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.**

**ഗോപാലൻ.പി.പി**
**കൈറ്റ് മാസ്റ്റർ**
**(ജി വി എച്ച് എസ് എസ്**
**കുറമാത്തൂർ)**

*Gvhss kurumathur,little kites*



# ആശംസ

സൈബർ ഇടങ്ങളുടെ കാലമാണിത്.നമ്മുടെ കുട്ടികളുടെ സർഗ്ഗാത്മകമായ സഞ്ചാരങ്ങൾ ഈ ഇടങ്ങളിലൂടെയാവട്ടെ,ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

- രേഖ കെ.ആർ

കൈറ്റ് മിസ്ട്രസ്

# ആമുഖം

നമ്മുടെ സമൂഹം കാലാനുസൃതമായി മാറി ക്കൊണ്ടിരിക്കുകയാണ്.ഹൈടെക് വത്ക്കരിക്കപ്പെട്ട കേരളത്തിലെ വിദ്യാഭ്യാസ മേഖല പല നൂതനമായ സാങ്കേതിക വിദ്യകളും വിദ്യാഭ്യസ മേഖലയിൽ പരീക്ഷിച്ചു കൊണ്ടിരിക്കുന്നു. സ്കൂൾ ഐ.ടി ക്ലബായ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസിൻ അത്തരത്തിലുള്ള ഒന്നാണ്. കുട്ടികളുടെ വായനയും അറിവും പങ്കുവെക്കാൻ ഈ മാഗസിൻ സഹായിക്കുമെന്നതിൽ സംശയമില്ല.വായനയില്ലാത്ത കുട്ടികൾ കിളിവാതിലുകളില്ലാത്ത മുറികൾ പോലെയാണ്.

"വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും"


എന്ന കുഞ്ഞുണ്ണിമാഷുടെ വരികൾ അന്വർത്ഥമാക്കിക്കൊണ്ട് ഭാവനയുടെ വിശാലമായ സൈബർ ആകാശത്തേക്ക് ഞങ്ങളുടെ മാഗസിൻ പറത്തട്ടെ.

-വിഷ്ണുപ്രിയ ആർ നാഥ്
ചീഫ് എഡിറ്റർ

# ഉള്ളടക്കം


- മൂവർണ്ണക്കൊടി [കവിത]
- വീട്ടാക്കടങ്ങൾ [കവിത]
- പഴഞ്ചൊൽ ശേഖരം
- *on killing a river [poem]*
- സത്യപാഠം [കഥ]
- *God's creature*
- കടങ്കഥ ശേഖരം
- മഴ [കവിത]
- മടക്കം [കവിത]
- ഒരു രാജസ്ഥാൻ യാത്ര [യാത്ര]
- പുതുവർഷം നാമ്പിടുമ്പോൾ[അനുഭവം]
- മരപ്പച്ച [കവിത]
- ജീവന്റെ വില[കഥ]
- *Drawings*
- സ്കൂൾ ആൽബം

# മൂവർണ്ണക്കൊടി



മൂവർണ്ണക്കൊടി പാറി നടക്കും
എന്നുടെ ദേശം സുന്ദര ദേശം
കുങ്കുമനിറവും തലയിൽ ചൂടി
ഉയർന്നു നിൽക്കും ധീരതയോടെ
സമാധാനത്തിടമ്പു ചാർത്തി
ഇടയിലുണ്ടേ വെള്ളനിറം,
വെള്ളനിറത്തിൽ ഇടയിലുണ്ടേ
അശോക ചക്രം സമാധാനം
പച്ചനിറത്തിൽ തെളിയുന്നുണ്ടേ
ഹരിത സുന്ദരമെന്നുടെ ദേശം
മൂവർണ്ണക്കൊടി ഉയർന്നു പൊങ്ങും
എന്നുടെ ദേശം സുന്ദര ദേശം

-ശ്രീലക്ഷ്മി 9 A

# വീട്ടാക്കടങ്ങൾ

മൗനത്തിന്റെ പാനീയവുമായി
ആ കറുത്ത കരങ്ങൾ കരയോടടുത്തപ്പോൾ
അറിഞ്ഞില്ല, മരണച്ചുഴിയുടെ തീവ്രത
വികാരങ്ങൾ തിന്നുന്ന ഇമേജികൾ
പോലെ ഞാനും.........
മറയാൻ ശ്രമിച്ചു,അകലങ്ങളിലേക്ക്
എങ്കിലും തിരക്കി ഞാൻ
കറുത്ത മുന്തിരിച്ചാറു
കൊതിച്ച കുറുക്കനെപ്പോൽ
കെട്ടുതീരാത്തൊരായിരം സിഗരറ്റുകൾ
ശോഷിച്ച ബീഡിക്കുറ്റികൾ
ഒക്കെയും ജീവിതത്തിൻെറ ചേരുവകൾ
ഒടുക്കം മരണത്തിൻെറ
കോടതിവാതിലിൽ ഞാനും
പ്രതിക്കൂട്ടിലെ വിചാരണയിൽ
ചില സെൽഫികൾ ഞാനും തുറന്നു കാട്ടി
മരണം മലർക്കെ തുറന്നുവച്ച
സെമിത്തേരിയിൽ,ഞാൻ......
കത്തിയെരിയുമ്പോൾ
ബീഡിക്കുറ്റികൾ
പുകഞ്ഞു തീർന്നിട്ടുണ്ടാവണം.






*******----------------------------------------------*********

**നിരഞ്ജന.കെ**

# പഴഞ്ചൊൽ ശേഖരം

- താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും
- കിട്ടാത്ത മുന്തിരി പുളിക്കും.
- കാക്ക കുളിചാൽ കൊക്കാകില്ല
- ആന  മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാമൊ.
- ഗതികെട്ടാൽ പുലി പുല്ലും തിന്നും .
- മടിയൻ മല ചുമക്കും
- അടി തെറ്റിയാൽ ആനയും വീഴും
- എല്ല് മുറിയെ പണിയെടുത്താൽ പല്ല് മുറിയെ തിന്നാം.
- അരിയെറിഞ്ഞാൽ ആയിരം കാക്ക.
- അണ്ണാൻ കുഞ്ഞും തന്നാലായത്.
- അധികമായാൽ അമൃതും വിഷം.
- ഒരിക്കൽ നഷ്ടപെട്ട സമയം തിരിച്ചുവരില്ല.
- ഒരു വെടിക്ക് രണ്ടു പക്ഷി.
- ഗുരുവാക്കിന് എതിർവാക്കില്ല.

***അർജുൻ. പി***

# On Killing a River




River,
The
faith
of life.
The
life
source
to all.
It has grown by absorbing
All the rain water with
All the blessing of God.
But now,
All lane were closed
No way to flow
But once I will come,

By coming more powerful and strong.
Without river, No one is clever
I will not withstand with silly humans.
I stood without harming other,
Then why are you killing me?
I was slowly grown by drinking
Water from the rain like a hornbill.
But now,
My banks are polluted.
You, the humans are responsible.
You made dams to stop my growth.
I was a gigantic but a depth river.
But now,
I am aimless
I am slowly killed by someone else.

Vishnupriya R Nath -9C

# സത്യപാഠം



"അച്ചൂട്ടാ വന്ന് ഭക്ഷണം കഴിക്ക്, എത്ര നേരമായി വിളിക്കുന്നു. നിനക്ക് ടി.വി മാത്രം മതിയല്ലോ. അമ്മ വിളിച്ചു കൂവിക്കൊണ്ടിരുന്നു. അച്ചൂട്ടന് എണീക്കാനുള്ള ഭാവമില്ല. ഒടുക്കം കരണ്ടു പോയി അവനെഴുന്നേറ്റു.

അച്ചൂട്ടൻ നാലാം ക്ലാസ്സിൽ പഠിക്കുന്നു. വീട്ടിൽ അമ്മയും അവനുമേയുള്ളൂ. അമ്മ ജോലി ചെയ്തു കൊണ്ടുവരുന്ന ചെറിയ വരുമാനത്തിലാണ് അവരുടെ ജീവിതം.

അതിസമർത്ഥനായ കുട്ടിയൊന്നുമായിരുന്നില്ല അച്ചൂട്ടൻ. ക്ലാസ്സിലെ ശരാശരിക്കാരൻ. എല്ലാ കുട്ടികളോടും സ്നേഹവും അലിവുമുള്ള ഒരു സ്നേഹപ്രതിഭയായിരുന്നു അവൻ വീട്ടിലെത്തിയാൽ ടി.വി കണ്ടോണ്ടിരിക്കണം . അച്ചൂന്റെ ഒരേ ഒരു കുഴപ്പം അതു മാത്രമാണ്. അതിനാണ് അമ്മയും മകനും എപ്പോഴും വഴക്ക്.

**ഒരു ദിവസം വീട്ടിലേക്ക് വരുന്ന വഴി ഒരു ചെറിയ കവറ് അവന്റെകണ്ണിൽ പെട്ടു. കയ്യിലെടുത്തു നോക്കി,കുറേ പണം. കൂട്ടുകാർ വാങ്ങിത്തിന്നുന്ന ലോലി പോപ്പും ഉപ്പിലിട്ട നെല്ലിക്കയും എന്നും അവന്റെ മനസ്സിലേക്ക് ഓടി വന്നു. അവരുടെ ഭംഗിയുള്ള വസ്ത്രങ്ങളും അമ്മയുടെ ദൈന്യം നിറഞ്ഞ മുഖവും അവനോർത്തു. വീട്ടിലേക്കോടി. അമ്മ വന്നിട്ടില്ല വീണ്ടും അവൻ പുറത്തിറങ്ങി . അപ്പോൾ  ആ വഴി  ഒരു സ്ത്രീ കരഞ്ഞുകൊണ്ട് വഴിയിലൊക്കെ എന്തോ പരതി  നടക്കുന്നതു കണ്ടു. അവൻ കാര്യം  ചോദിച്ചു .ബാങ്കിൽ നിന്ന് കടം വാങ്ങി വരുന്ന വഴി നഷ്ടപ്പെട്ട തന്റെ പണത്തെക്കുറിച്ചു പറഞ്ഞു അവന് കാര്യം മനസ്സിലായി . അവൻ വേഗം തന്റെ കയ്യിലുള്ള കവറ് ആ അമ്മയ്ക്ക് കൊടുത്തു.കാര്യങ്ങൾ പറഞ്ഞു.അവർ ആ കുഞ്ഞിനെ കെട്ടിപ്പിടിച്ചു  കരഞ്ഞു .അച്ചുട്ടന്റെ അമ്മയും അവിടേക്കെത്തി.കാര്യങ്ങൾ മനസ്സിലാക്കിയ ആ അമ്മ തന്റെ മകനെക്കുറിച്ചോർത്ത് അഭിമാനിച്ചു.**

*Akash sunil*

*9C*

# God Creature

God made Nature
God made Man
Nature can survive
without man
Man cannot survive
without Nature
He spoil the water
He pollutes the air and
space .He has made a hole
in the ozone layer .He
contaminates the Earth
Global warming and
climate change has set!
Let him beware and not middle with nature
Nature can survive without man
Man cannot survive without nature!
So let him take almost care of nature!



- Abhirami 8c

# കടങ്കഥ ശേഖരം

| | |
|---|---|
| അറയ്ക്കകത്തൊരു വെള്ളിവടി | വാഴപ്പിണ്ടി. |
| അർദ്ധരാത്രിയിൽ തിളങ്ങു മാണിക്യക്കല്ല് നട്ടുച്ചയ്ക്ക് തേങ്ങാ കൊത്താകും | പൂച്ചയുടെ കണ്ണുകൾ. |
| അററുപ്പികക്ക് അൻപത് തീവെട്ടിക്കാർ | തീപ്പെട്ടി. |
| അരയുണ്ട്, കാലുണ്ട്, കാലിൽ പാദമില്ലപാന്റ്. | നെല്ലും വൈക്കോലും. |
| അരിപിരി അരിപിരി വല്ലി, വല്ലിയിലായിരം കുരുമുളക്. | മുത്തുമണി |
| അരിങ്ങോടൻ നായരും തോങ്ങോടൻ നായരും മുളങ്ങോടൻ നായരുടെ വീട്ടിൽ വിരുന്നു ചെന്നപ്പോൾ കോലൻ നായര് കുത്തിപ്പുറത്താക്കി | പുട്ട്ചുടുക. |
| അഞ്ചുനായരും കുഞ്ചുനായരും കൂടി ഗുഹ കാണാൻ പോയി അഞ്ചു നായർ ഇങ്ങോട്ടും പോന്നു, കുഞ്ചുനായർ അങ്ങോട്ടും പോയി | ഊണ് കഴിക്കൽ. |
| അടിക്കുല പൂക്കുമ്പം പന്തീരായിരം | നക്ഷത്രങ്ങൾ. |
| അടിയില്ലാത്ത ഭരണി | കിണർ. |
| അടി മുള്ള്, നടുന്ന കാട്, തല പൂവ് | പൂവൻക്കോഴി. |

**- അർജ്ജുൻ. പി.** 9 C

# മഴ



കാർമേഘത്തിന്റെ ,
കറുത്ത
ഭാണ്ഡങ്ങളുടെ
നിഴൽ വീണ
പാതയോരം

സപ്തതാളങ്ങൾ നിലച്ചുപോയ
ഏകാഗ്രതയുടെ നിഴൽപ്പാടുകൾ
പത്മതീർത്ഥക്കുളം
പാതി വറ്റിക്കഴിയുമ്പോൾ
എത്തിനോക്കാൻ മടിച്ചു,പലരും......
ചേമ്പിലത്തണ്ടിൽ നാം ഒട്ടിപ്പിടിച്ച്
കാറണിച്ചളിയുടെ,ഇരുണ്ട നോവുകൾ
മഴ മറയിലൂടെ സ്പന്ദനം കൊള്ളവെ
രോദനം
മണ്ണിൻ മാറിലേക്കാഞ്ഞടിച്ചു
ഞാൻ നിന്നിലേക്കെന്നപോലെ
സ്വപ്നങ്ങൾക്കായി
ഉരുക്കുപാലം തീർക്കവെ,
ഒഴുകിപ്പോയി കുറേവരികൾ
ആ കാലപ്പകർച്ചയുടെ
കുരിരുൾ നീക്കിയ വൻമതിൽ
ഇപ്പൊഴുമുണ്ടവിടെ,ഏകനായി
അന്നാ മഴയൊരുക്കിയ തീരങ്ങൾ
ഒരു പുതിയ തിരിച്ചറിവെന്ന പോലെ
വീണ്ടുമൊരു പൊളിച്ചെഴുത്ത്....

---------------------------------------------------------------------------------

നിരഞ്ജന.കെ

9B

# മടക്കം

നീലാകാശത്തിന്റെ ഏതോ ഒരു മൂലയിലിരുന്ന്
ഇപ്പോൾ  അവൾ മന്ദഹസിക്കുന്നുണ്ടാവാം,
 തീരാത്ത പ്രഹരങ്ങൾ ഏറ്റുവാങ്ങി ,
മുറിവുകൾ  മാത്രം എന്നിൽ അവശേഷിപ്പിച്ച്,
ആരോടും പറയാതെ നൊന്തുപെറ്റ
സ്വന്തം-മക്കൾ പോലും കാണാതെ
ഇരുട്ടിന്റെ മറവിൽ അവൾ
യാത്രയായി.
കുത്തുവാക്കും നോട്ടവും
താങ്ങാനാവാതെ
എല്ലാവരിൽ നിന്നും അകന്നുനിന്നു.
ചിലപ്പോൾ,
മനോദു:ഖം കാരണമാവാം, അല്ലെങ്കിൽ
ഏതോ ഒരു ചെകുത്താന്റെ
കൈകളിൽപ്പെട്ട്
പറ്റുമില, കൂട്ടുകാരി ഓരോന്നോർക്കുവാൻ
പോലും
എങ്കിലും ഞാൻ അർപ്പിക്കട്ടെ ആയിരം പനിനീർപൂക്കൾ
എന്റെ പ്രിയ കൂട്ടുകാരി ഞാൻ അർപ്പിക്കട്ടെ എൻ
സ്നേഹോപചാരങ്ങൾ.............




വിഷ്ണുപ്രിയ ആർ നാഥ്
9 C

# അനുഭവക്കുറിപ്പ്

# ഒരു രാജസ്ഥാൻ യാത്ര

എൻെറ അച്ഛന്റെ നാട് രാജസ്ഥാനിലെ സുറോട്ട് എന്ന സ്ഥലത്താണ്.ഞാൻ ഏഴിൽ പഠിക്കുമ്പോൾ എൻെറ അച്ഛന്റെ കുടുംബക്കാരെ കാണാനും 28/04/2018 രാവിലെ 7:30 ന് രാജസ്ഥാനിലേക്കു പുറപ്പെട്ടു.ട്രെയിനിലായിരുന്നു യാത്ര.മൂന്ന് ദിവസം ട്രെയിനിൽ കഴിയണം.ഞാനും എന്റെ അനുജത്തിയും,അനുജനും അമ്മയും അച്ഛനും കൂടിയാണ് രാജസ്ഥാനിലേക്ക് പോയത്.കുറേ കെട്ടിടങ്ങളും തുരംഗങ്ങളും കണ്ടു.



കുറേ തുരംഗങ്ങളിലൂടെ കടന്നുപോയി. പിന്നെ നമ്മൾ മരുഭ്രമിയും ഒട്ടകത്തിനേയും കണ്ടിരുന്നു.മരുഭ്രമിയിൽ ചൂട് കൂടുതലാണ്.മരുഭ്രമിയിലൂടെ നടക്കാൻ വളരെ പ്രയാസമാണ്.ഞങ്ങൾ മരുഭ്രമിയിലൂടെ നടന്നിരുന്നു.ഇതിനുമുമ്പ് രാജസ്ഥാനിൽ പോയപ്പോൾ ഒട്ടകത്തിന്റെ മുകളിൽ കയറിയിരുന്നു.ഇപ്രാവശ്യം കയറിയില്ല.ഞങ്ങൾ അച്ഛന്റെ കുടുംബത്തിലെ എല്ലാവരും വന്നിരുന്നു.ഒരുപാട് സാധനങ്ങൾ തിന്നാനുമുണ്ടായിരുന്നു.അവിടെ ഉള്ളവർ ഹിന്ദിയിലാണ് സംസാരിക്കുക.എന്നോടും ഹിന്ദിയിൽ എന്തൊക്കെയോ ചോ- ദിച്ചു.എനിക്ക് അറിയാവുന്ന വിധത്തിൽ ഞാൻ മറുപടി പറഞ്ഞു.ഞങ്ങൾ അവിടെനിന്ന് സൂറത്ത്മഹൽ കണ്ടു.സൂറത്ത് വളരെ പ്രസിദ്ധമാണ്.സൂറത്ത്മഹലിൽ ഒരു ദിവസം താമസിക്കാൻ 2500 രൂപ വേണം.അതിനുള്ളിൽ ചുറ്റിക്കറങ്ങിയപ്പോൾ ഒരു ഹോട്ടലുപോലെ തോന്നി.ഞങ്ങൾ അവിടെ അമ്പലത്തിലും പോയിരുന്നു.അമ്പലത്തിനുചുറ്റും മയിലുകളാണ്.അവിടെ,അമ്പലത്തിനുച്ചുറ്റുമുള്ള മയിലുകൾ ദൈവത്തിന്റെ പ്രതീകമായാണ് കണക്കാന്നത്.06/05/2018 ന് നമ്മൾ എല്ലാവരും അവിടെ നിന്ന് തിരിച്ചു.അവിടെ നിന്ന് വരുമ്പോൾ വളരെ സങ്കടമായി.09/05/2018 ന് പുലർച്ചെ 1:30 ന് നമ്മൾ കണ്ണൂരിൽ എത്തി.

*sreelakshmi k.p.*

*9A*

# പുതുവർഷം നാമ്പിടുമ്പോൾ




ഞാൻ മയക്കത്തിലായിരുന്നു. സ്വപ്നത്തിൽ നിറയെ എന്റെ സ്കൂളും സുഹൃത്തുക്കളും മാത്രം. പെട്ടെന്ന് എല്ലാം എന്നിൽ–നിന്നകന്നു. സ്വപ്നത്തിന്റെ അന്തകാരം നിറഞ്ഞ നിഗൂഢതകൾ മറയുന്നതിനുമുമ്പ് ഞാൻ ചാടി എഴുന്നേറ്റു. ഒന്നും–സംഭവിച്ചിട്ടില്ലെന്ന് ബോധ്യമായപ്പോൾ ഞാൻ ഒന്നുനെടുവീർപ്പിട്ടു. ഓടിക്കൊണ്ട് ഉമ്മയുടെ അടുക്കൽ ചെന്നു. ഇളംതണുപ്പുള്ള പച്ചവെള്ളത്തിൽ മുഖം നനച്ചശേഷം ഉമ്മയോട് ഞാൻ എന്റെ സ്വപ്നവിശേഷം പങ്കുവെച്ചു. ഉമ്മ ഒരു പുഞ്ചിരിയോടെ കേട്ടു നിന്നു.കുളിച്ചത് പുതുക്കുപ്പായവുമിട്ട് വീടിന്റെ പടിയിറങ്ങുമ്പാൾ ഒന്നുമനമിടറി.പുതിയ സ്ക്കൂൾ എങ്ങനെയായിരിക്കും?ഐരും എന്നോടു കൂട്ടുകൂടില്ലേ എന്നൊക്കെ. ഞാ  സ്ക്കൂളിന്റെ മുറ്റത്ത് എത്തിച്ചേ ന്നു.തികച്ചും അപരിചിതം. ഇതുവരെ കണ്ടിട്ടില്ലാത്തകുട്ടിക  ബഹളം,എല്ലായിടത്തും കലപില ശബ്ദം .പെട്ടെന്ന് ആരോ എന്റെ കൈയ്യി പിടിച്ചു. ഹാവൂ !കീത്തനയാണ്,എന്റെ ഏറ്റവും നല്ല സുഹൃത്ത്.പിന്നീട് എന്റെ മനസ്സിലെ  ആകുലതകൾ പതിയെ തീർന്നു.അവളങ്ങനെ ഒരു ക്ലാസിലേക്ക് കൂട്ടി കൊണ്ടുപോയി.വർണാഭമായി അലങ്കരിച്ച ഒരു മുറി. എത്ര സുന്ദരവും

എത്രസുന്ദരവും മനോഹരവും ആയിരുന്നുവത്.ഓരോ കുട്ടികളേയും ഞാൻ പതിയെ പരിചയപ്പെട്ടു.അപ്പോൾ എന്റെ  മനസ്സിൽ ഒരു ശകലം പോലും പേടിയുണ്ടായിരുന്നില്ല.ഇന്ന് അതിൽ എട്ടുപേർ എന്റെ ആത്മാർഥ സുഹൃത്തുക്കളുടെ പട്ടികയിൽ ഇടം നേടി.ഒരിക്കലും ഓർമ്മയിൽനിന്ന് പോകില്ല ആ ദിവസം.

ഷംലാസ് കെ പി

9B

# മരപ്പച്ച



പുഴക്കരയില്

ഒരു മരം

നിൽപ്പുണ്ട്.

കാക്കയും കുയിലുകളും

അതില്

കൂട്ടുക്കൂട്ടാറുണ്ട്.

പൊന്മാൻ

അതിന്റെ മുകളിൽ

നിന്ന്

മീനുകളെ വിശപ്പോടെ

നോക്കാറുണ്ട്.

നീർക്കോലി

സ്നേഹത്തോടെ

കെട്ടിപ്പിടിക്കാറുണ്ട്.

മീൻമാഷ് കണ്ണുരുട്ടി പേടിപ്പിക്കാറുണ്ട്.
നിലാവും വെയിലും
മഴയും കാറ്റും
ഇടയ്ക്കിടെ വന്ന്
തലോടാറുണ്ട്.
ഇന്നലെ
വരമ്പിറങ്ങി
പുഴവക്കിലേക്ക്
നോക്കിയപ്പോൾ
പുഴയില്ല
മരമില്ല
കുത്തിച്ചോരയെടുക്കുന്ന
മുൾച്ചെടിമാത്രം.

*sreelakshmi k p*
*9A*

# ജീവന്റെ വില

അമ്മയുടെ അടുത്തിരുന്ന അച്ഛൻ വിതുമ്പി.ഈ അവസ്ഥ ദയനീയമാണ്.അച്ഛന്റെ ഇരിപ്പ് കണ്ട് അമ്മ ചോദിച്ചു നിങ്ങളെന്തിനാ വിഷമിക്കുന്നേ?എന്റെ ഈ അവസ്ഥ കണ്ടിട്ടാ?എനിക്കാ വേറെ ഒന്നും വേണ്ട ഓളെ ശബ്ദം കേട്ടാൽ മതി.

അയാൾ വീണ്ടും മോളെ വിളിച്ചു.ബെല്ലടിക്കുന്നതല്ലാതെ യാതൊരു പ്രതികരണവുമില്ല. അമ്മ അവളുടെ ഫോണിനായി കാത്തുകാത്തു നിന്നു.



രണ്ടു ദിവസം കഴിഞ്ഞ് അച്ഛൻ അമ്മയേയും കൂട്ടി ഡോക്ടറുടെ അടുത്തെത്തി. മാസത്തിലുള്ള ചെക്കപ്പ് ആണ്.ഇത്തവണ ഡൈക്ടറുടെ വാക്കുകൾ അച്ചന്റെ സകല പ്രതീകഷയും തകർത്തു.തനിക്ക് വാർധക്യത്തിൽ തണലും കരുതലുമാകേണ്ടവൾ, ഇനി അധിക നാൾ ഉണ്ടാവില്ല.ദു:ഖം മനസ്സിലൊതുക്കി, മകളെ വീണ്ടും വിളിച്ചു. ഹലോ ഡാഡ്....അല്പം തിരക്കിലാണ്, പിന്നെ വിളിക്കാം.ഫോൺ ഡിസ്കണക്റ്റ്.

തന്റെ ഹൃദയദു:ഖം കത്തിൽ പകർത്താം എന്നുകരുതി അയാൾ പേന എടുത്തു.എന്റെ പൊന്നു മോളെ............അപ്പ......

**നിനക്ക് സുഖമെന്നു കരുതുന്നു.അമ്മയുടെ കാര്യം അല്പം കുറ്റിക്കൽ ആണ്.നിന്നെ ഒന്ന് കാണാനും നിന്റെ ശബ്ദം ഒന്ന്കേൾക്കാനും ആ പാവം വല്ലാതെ ആഗ്രഹിക്കുന്നുണ്ട്. നീയെത്തും എന്ന പ്രതീക്ഷയോടെ,**

**അച്ഛൻ**

**മൂന്നാലു ദിവസങ്ങൾക്കശേഷം ഒരു ഫോൺ വിളി.അവൾക്കു പറയാനുള്ള കാര്യങ്ങൾ ഒറ്റ ശ്വാസത്തിൽ പറഞ്ഞവസാനിപ്പിച്ചു.**

**ഡാഡ് ,അമ്മയുടെ അവസ്ഥയൊക്കെ എനിക്ക് മനസ്സിലാകും.പക്ഷേ എനിക്ക് നിവൃത്തിയില്ല.ഇനിയമ്മയ്ക്ക് എന്തലും സംഭവിച്ചാൽ എന്നെ കാത്തുനിൽക്കണ്ട.ഞാൻ 50000 രൂപ ഡാഡിൻെറ അക്കൗണ്ടിൽ ഇടാം. എന്നാ ഇനി എന്നെ വിളിച്ച് ബുദ്ധമുട്ടിക്കണ്ട. ഓക്കെ.**
**മറുപടി പറയാൻ പറ്റാതെ തറച്ചിരുന്ന അച്ഛന്റെ കയ്യിൽ നിന്നും ഫോൺ താഴേക്കു വീണു. മകൾ അമ്മയുടെ ജീവനിട്ട വില 50000 രൂപ! വളരുന്തോറും കുറുകി ചെറുതാവുന്ന മനുഷ്യനെക്കുറിച്ചോർത്തപ്പോൾ മച്ചിൽ നിന്നൊരു പല്ലി ചിലച്ചു.**

**-അഞ്ജിത.ടി.സി**

***8A***

# Drawings




Vismaya wilson
8A



Aparna Manoj- 9A

# സ്കൂൾ ആൽബം

## സ്കൂൾ കെട്ടിടോദ്ഘാടനം




കേരള സർക്കാർ-വിദ്യാഭ്യാസ വകുപ്പ്
'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം'
'എന്റെ സ്കൂൾ' സമഗ്ര വിദ്യാഭ്യാസ പദ്ധതി
കുറുമാത്തൂർ ഗവ: വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
മികവിന്റെ കേന്ദ്രം
ശിലാസ്ഥാപനം
പ്രൊഫ.സി. രവീന്ദ്രനാഥ്
(ബഹു: കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രി)
2018 ജൂലൈ 02, തിങ്കളാഴ്ച
ശ്രീ.ജെയിംസ് മാത്യു
ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ബഹു: എം.പി)
ശ്രീ.കെ.വി.സുമേഷ്
Kerala Infrastucture and Technology for Education
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.


2019
ഡിസംബർ
2
തിങ്കൾ


ഉദ്ഘാടനം
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
(ബഹു: കേരള നിയമസഭാസ്പീക്കർ)
അദ്ധ്യക്ഷത
ശ്രീ. ജയിംസ് മാത്യു
(ബഹു. എം.എൽ.എ)
2019
ഡിസംബർ
2
തിങ്കൾ




ഉദ്ഘാടനം
2019
2

# Thank you